പദ്ധതിയുടെ കാലാവധി , 31-3-2014-ൽ അവസാനിച്ചിട്ടുള്ളതാണ് ന്യായവില നിശ്ചയിക്കുന്നതിനുമുമ്പുള്ളതും അതിനു ശേഷമുള്ളതുമായ 105946() കേസുകളാണ് 2015 ഒക്ടോബർ മാസം വരെ ഭൂമിയുടെ വില കുറച്ചു കാണിച്ചതിന് നടപടിയിലിരിക്കുകയാണ്. കടിശ്ശിക കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള 5 സെന്റ് വരെയുള്ള വസ്തു സംബന്ധിച്ച ആധാരങ്ങളെ നടപടിയിൽനിന്നും ഒഴിവാക്കിയിരുന്നു. കേരള മുദ്രപത്രനിയമം 45B വകുപ്പു പ്രകാരമുള്ള നടപടിയിൽ വസ്തുവിന്റെ വിസ്തീർണ്ണത്തിന് പ്രസക്തിയില്ല.

(ഡി) ആധാരത്തിൽ വില കുറച്ച് കാണിച്ച രജിസ്ട്രർ ചെയ്തതിനെതിരെ കേരള മുദ്രപത്രനിയമം 45B-യിൽ അനുശാസിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഭൂമിയുടെ ന്യായവില വർദ്ധന

279 (1364) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില വർദ്ധനമൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനും ഭാഗപത്രത്തിനും ഉണ്ടായിട്ടുള്ള നികുതി വർദ്ധന പുനഃപരിശോധിക്കുമോ;

(സി) നികുതി വർദ്ധന പിൻവലിക്കുവാനും ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിന് പഴയ രീതി നിലനിർത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-4-2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 50% വർദ്ധനവ് 14-11-2014-ലെ G.O(P) 188/14/TD നമ്പർ വിജ്ഞാപനം മുഖേന 17-11-2014-ൽ നിലവിൽ വന്നു. വർദ്ധനവ് നിലവിൽ വന്നിട്ട് ഒരു വർഷം കഴിയുകയും പൗരസമൂഹം അത് പൊതുവിൽ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഒറ്റപ്പെട്ട പരാതികൾ ഉണ്ടെങ്കിലും വർദ്ധനവ് മൂലം ഇപ്പോൾ വലിയ പ്രയാസങ്ങൾ നിലവിലില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 2011-ലെ സെൻസസ് ആധിവുടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ദാരിദ്ര്യം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000 രൂപയാക്കി കുറയ്ക്കുകയും ദാനം, ധനനിശ്ചയം എന്നിവയ്ക്ക് 2% എന്നതിനു വിധേയമായി പരമാവധി 1000 രൂപയാക്കുകയും ചെയ്തിരുന്നു. 8-10-2014-ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ പരിധി 1000 രൂപ എന്നത് പിൻവലിച്ച് ഉത്തരവായെങ്കിലും 1-1-2015-ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ പ്രസ്തുത ആശ്വാസ നടപടി പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട് പരമാവധി ആശ്വാസകരമായ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കാണ് കുടുംബാംഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളത് എന്നതിനാൽ പുനഃപരിശോധന പരിഗണനയിൽ ഇല്ല.

സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ്

280 (1365) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവു നൽകുന്നതിന് ജില്ലാ രജിസ്ട്രാർമാർക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ അവസരത്തിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്ന് വ്യക്തമാക്കുമോ;

(സി) മതേതരസ്വഭാവം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളോ, മുറികളോ അംഗീകൃത സംഘങ്ങൾക്കായി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവു നൽകാൻ ജില്ലാ രജിസ്ട്രാർക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യവുമായി ഏതെങ്കിലും സഹകരണ സംഘം വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധമായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അധികാരമില്ല. കേരള മുദ്രപത്ര നിയമം വകുപ്പ് 9(1) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നതിനുള്ള അധികാരം സർക്കാരിനാണ്.

LIBRARY ARCHIVES Kerala Legislative Assembly